# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :1316 **04-12-2014-ൽ മറുപടിക്ക്**

### നെല്ല് സംഭരണം

**ചോദ്യം**

**ശ്രീ. ചിറ്റയം ഗോപകുമാർ**

**ഉത്തരം**

**ശ്രീ. അനൂപ് ജേക്കബ്**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **(എ)** | നെല്ലിന്റെ സംഭരണം യഥാസമയം നടത്തുന്നതിന് സപ്ലൈകോയ്ക്ക് കഴിയുന്നില്ല എന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? | **(എ)** | ശ്രദ്ധയിൽപെട്ടിട്ടില്ല. 2014-15 ഒന്നാം സീസൺ സെപ്റ്റംബറിൽ ആരംഭിച്ചു നാളിതുവരെ **1.28** മെ.ടൺ നെല്ല് സംഭരിക്കുകയും ചെയ്തു. |
| **(ബി)** | എങ്കിൽ പ്രസ്തുത വിഷയത്തിന്മേൽ പരിഹാര നടപടി സ്വീകരിക്കുമോ? | **(ബി)** | ബാധകമല്ല. |
| **(സി)** | സംഭരിച്ച നെല്ലിന്റെ വില സമയബന്ധിതമായി കർഷകർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | **(സി)** | നെല്ലുസംഭരിച്ച ശേഷം കർഷകർക്ക് നെൽവില നൽകുന്നതിനായി സംസ്ഥാന, കേന്ദ്രസർക്കാരുകളുടെ സബ്സിഡിക്ക് പുറമെ സപ്ലൈകോ കാനറ ബാങ്ക്, ബാങ്ക് ഓഫ് ഇന്ത്യഎന്നീ പൊതുമേഖല ബാങ്കുകളും പാലക്കാട്, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കുകളുമായി ധാരണാ പത്രം ഉണ്ടാക്കുകയും അത് പ്രകാരം നെല്ലിന്റെ വില സപ്ലൈകോയുടെ നിർദ്ദേശപ്രകാരം കർഷകരുടെ അക്കൗണ്ടുകളിലേക്ക് നേരിട്ട് നൽകി വരുന്നു. ഇപ്രകാരം നൽകുന്ന പണത്തിന് ബാങ്കുകൾക്കുള്ള പലിശ വഹിക്കുന്നത് സപ്ലൈകോയാണ്. കൂടാതെ ബാങ്കുകളിൽ നിന്നും ഓവർഡ്രാഫ്റ്റ് എടുത്തും കർഷകരുടെ നെൽ വില നൽകി വരുന്നു. |
| **(ഡി)** | വിളവെടുപ്പുമായി ബന്ധപ്പെട്ട നടപടികൾക്ക് കാലവിളംബം നേരിടുന്നതുകൊണ്ട് വിളനാശവും കർഷകർക്ക് സാമ്പത്തിക ഭാരവും ഉണ്ടാകുന്നതിനാൽ ഭാവിയിൽ മുൻകൂട്ടി നിശ്ചയിച്ച പരിപാടികളുടെ അടിസ്ഥാനത്തിൽ സമയബന്ധിതമായി നെല്ല് സംഭരണത്തിനും വിലനൽകുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ ? | **(ഡി)** | സമയബന്ധിതമായി വിളവെടുക്കേണ്ടത് കർഷകർ എടുക്കേണ്ട നടപടിയാണ്. വിളവെടുപ്പിനുശേഷം സമയബന്ധിതമായി നെല്ല് സംഭരിക്കുന്നതിനും സംഭരിച്ച നെല്ലിന്റെ വില നൽകുന്നതിനും ഉള്ള നടപടികൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ആസൂത്രണം ചെയ്ത് ആവിഷ്കരിച്ചിട്ടുണ്ട്. |

Beena

**സെക്ഷൻ ഓഫീസർ**